GLPS നെടുമൺകാവ്
ഈസ്റ്റ്

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025-26

OPPO A15s

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

# അക്കാദമിക മാസ്റ്റർപ്ലാൻ
# 2025 - 2026


| ക്രമ-നമ്പർ | തലക്കെട്ട് | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | |
| 2 | പൊതുലക്ഷ്യങ്ങൾ | |
| 3 | അടിസ്ഥാന വിവരങ്ങൾ | |
| 4 | വിദ്യാലയ വികസന കാഴ്ചപ്പാടുകൾ | |
| 5 | അക്കാദമിക പരിമിതികൾ | |
| 6 | ക്ലാസ് 1 | |
| 7 | ക്ലാസ് 2 | |
| 8 | ക്ലാസ് 3 | |
| 9 | ക്ലാസ് 4 | |
| 10 | ക്ലാസ് 5 | |
| 11 | പദ്ധതി വിശദാംശങ്ങൾ | |
| 12 | ഉപസംഹാരം | |
| 13 | അനുബന്ധം. | |

# ആമുഖം.

വിദ്യാലയത്തിന്റെ സമഗ്ര വികസനം മുന്നിൽ കണ്ടുകൊണ്ട് കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന രേഖകളാണ് അക്കാദമിക മാസ്റ്റർപ്ലാനുകൾ. ഇതിന് കാലോചിതമായ മാറ്റങ്ങൾ വരുത്തി അക്കാദമികവും ഭൗതികവും സാമൂഹികവുമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അവ നവീകരിക്കപ്പെടണം. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി വർഷമാണ് നമുക്കു മുന്നിലുള്ള പുതിയ അധ്യയന വർഷം. അതനുസരിച്ച് എല്ലാ കുട്ടികളുടെയും മികവുകൾ വികസിപ്പിക്കുകയും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും ചെയ്യുക എന്ന വലിയ ലക്ഷ്യം നിറവേറ്റേണ്ടതുണ്ട്. അതിനായി ഒന്നിച്ച് പരിശ്രമിക്കാം.

OPPO A15s

# പൊതുലക്ഷ്യങ്ങൾ

* ഭാഷാപരവും ഗണിതപരവുമായ ശേഷികളുടെ വികാസം.
* ശാസ്ത്രാഭിരുചിയും ശാസ്ത്രബോധവും വളർത്തുക.
* ജനാധിപത്യബോധവും വിമർശനാത്മകബോധവും വളർത്തി കുട്ടികളിൽ സാമൂഹ്യശാസ്ത്രാവബോധം വളർത്തുക.
* സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ മികവുകൾ ഉറപ്പുവരുത്തുക.
* ആധുനിക സാങ്കേതിക വിദ്യയുടെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ അനായാസവും താല്പര്യമുണർത്തുന്നതുമാക്കുക.
* പാഠ്യേതര പ്രവർത്തനങ്ങൾക്കും സർഗാത്മക പ്രവർത്തനങ്ങൾക്കുമായി പദ്ധതികൾ നടപ്പാക്കുക.
* അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യമായ ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും നടപ്പാക്കുക.
* ലാബ്, ലൈബ്രറി തുടങ്ങിയവ ക്ലാസ്റൂം പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുക.
* ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്താൻ വിദ്യാലയകൂട്ടായ്മകൾ ശക്തിപ്പെടുത്തുക. അധ്യാപക-രക്ഷാകർതൃ-വിദ്യാർത്ഥി ബന്ധം മെച്ചപ്പെടുത്തുക.

OPPO A15s

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ.L.P.S നെടുമൺകാവ് ഈസ്റ്റ്
സ്കൂൾ കോഡ് : 38731
ഉപജില്ല : കോന്നി
വിദ്യാഭ്യാസ ജില്ല : പത്തനംതിട്ട
റവന്യൂ ജില്ല : പത്തനംതിട്ട
ബി.ആർ.സി : കോന്നി
സി.ആർ.സി : കലഞ്ഞൂർ
ഗ്രാമ പഞ്ചായത്ത് : കലഞ്ഞൂർ
ബ്ലോക്ക് പഞ്ചായത്ത് : പറക്കോട്
ജില്ലാ പഞ്ചായത്ത് : പത്തനംതിട്ട
താലൂക്ക് : കോന്നി.
വില്ലേജ് : കൂടൽ
വാർഡ് : നെടുമൺകാവ്, 1.
ഈ.മെയിൽ വിലാസം : glpsnedumoncavueast2@gmail.com

അധ്യാപക - അനധ്യാപകരുടെ എണ്ണം.

ഹെഡ്മിസ്ട്രസ് – 1
അധ്യാപകർ – 1
പി.ടി.സി.എം – 1
പ്രീ-പ്രൈമറി ടീച്ചർ – 1
പ്രീ-പ്രൈമറി ആയ – 1
കുക്ക് – 1

# വിദ്യാലയം മികവിന്റെ കേന്ദ്രം:
## വിദ്യാലയ വികസന കാഴ്ചപ്പാട്.

വിദ്യാലയ മികവിന് അക്കാദമികവും ഭൗതികവുമായ പുരോഗതികൾ അനിവാര്യമാണ്. പ്രകൃതി പാരിസ്ഥിതിക ബന്ധം, അവബോധം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠനരീതി തുടരണം. പഠനം പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാധിഷ്ഠിതവും ആകണം. എല്ലാ കുട്ടികളെയും പരിഗണിക്കണം. അക്കാദമിക പിന്തുണാ സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടണം. അക്കാദമിക പരിമിതികളെ ഇതിലൂടെ മറികടക്കാനാവും. അത്തരമൊരു പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

* ഭാവിയിൽ 1 മുതൽ 5 വരെയുള്ള ക്ലാസ് പ്രത്യേക മുറികളായി തിരിക്കേണ്ടതുണ്ട്.
* പഠനപ്രവർത്തനങ്ങളോടൊപ്പം കലാ-കായിക പ്രവൃത്തി പരിചയ പരിശീലനം കുട്ടികൾക്ക് നൽകണം.
* പച്ചക്കറിത്തോട്ടം, ഉദ്യാന നിർമാണം എന്നിവ നടപ്പിലാക്കണം.
* കാർഷിക സംസ്കാരം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കണം.
* വായനയ്ക്ക് പ്രാധാന്യം നൽകി പുസ്തകവായന, ആസ്വാദനം, സർഗ്ഗസൃഷ്ടികൾ എന്നിവ നടത്തണം.
* ICT അധിഷ്ഠിത പഠനത്തിന് കൂടുതൽ പ്രാധാന്യമുണ്ടാവണം.

# അക്കാദമിക പരിമിതികൾ

* വിദ്യാലയം ഒരു പാഠപുസ്തകമെന്ന ലക്ഷ്യത്തോടെ വിവിധ ആശയങ്ങളും വസ്തുതകളും ചിത്രീകരിച്ചു കൊണ്ട് ക്ലാസ് മുറികളും സ്കൂൾ പരിസരവും ആകർഷകമാക്കണം.

* വായന, ലേഖന പ്രവർത്തനങ്ങൾ, സ്കൂൾ ലൈബ്രറി, വായനമൂല ഇവയുടെ സാധ്യതകൾ, ഗണിത ശേഷി തുടങ്ങിയവയെല്ലാം വികസിപ്പിക്കേണ്ടതുണ്ട്

* പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ കുടുംബാന്തരീക്ഷം, സാമൂഹ്യസാഹചര്യം എന്നിവ മനസ്സിലാക്കി പിന്നോക്കാവസ്ഥ പരിഹരിക്കണം.

* CPTA, MPTA, PTA, SRG, SMC, പൂർവ്വ വിദ്യാർത്ഥി പൂർവ്വാധ്യാപക സംഘടനകൾ എന്നീ കൂട്ടായ്മകളെ ശക്തിപ്പെടുത്തേണ്ടതാണ്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2024-25

## ക്ലാസ് - 1

**ആമുഖം:**

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024-25 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതിനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയ്ക്കൊപ്പം കുട്ടിയുടെ ശാരീരികവും, മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത് പുതിയ വർഷത്തിൽ ഭാഷയിലും, ശാസ്ത്രത്തിലും, ഗണിതത്തിലും ജൈവ കൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും, കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

വിഷയം : മലയാളം.

ലക്ഷ്യങ്ങൾ :

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ള വരാക്കുക.

* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.

*. പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.

*. ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

*. പത്രം തയ്യാറാക്കുന്നു

* സ്വന്തമായി ഡയറി എഴുതുന്നു.

OPPO A1Es

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായന | • ചിത്രവായന | ജൂൺ | അധ്യാപിക |
| | * വിവിധ തരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു | ജൂലൈ | അധ്യാപിക, രക്ഷിതാക്കൾ |
| | * വായനാമൂല ഒരുക്കൽ | ജൂലൈ | അധ്യാപിക |
| | * പത്രവായന | ആഗസ്റ്റ് | അധ്യാപിക രക്ഷിതാക്കൾ. |
| | * വായന കാർഡ് തയാറാക്കൽ | സെപ്റ്റംബർ | |
| ലേഖനം. | * ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു. | ഒക്ടോബർ | |
| | * സചിത്ര ബുക്ക്. | ജൂലൈ | |
| | * സംയുക്ത ഡയറി എഴുത്ത്. | ജൂലൈ | അധ്യാപകർ, രക്ഷിതാക്കൾ |
| | * ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു. | നവംബർ | |
| | * ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു | ഡിസംബർ | |
| | * സാങ്കൽപിക ഡയറി എഴുതുന്നു | ജനുവരി | |
| | * വരികൾ കൂട്ടിച്ചേർക്കുന്നു. | ഫെബ്രുവരി | |
| | * ചിത്രം നൽകി അതിൽനിന്ന് കഥ ഉണ്ടാക്കുന്നു. | | |
| | * സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു | മാർച്ച് | |

English

Aim:
To Speak, Read and write English without any mistakes.

| Aim | Activities | Support | Month | Financial Resources |
| --- | --- | --- | --- | --- |
| Skills. | * To develope listening Skills and reading Skills. | Teachers & Parents. | June. | |
| | * Description, growing Sentences, picture reading, riddles, quiz. | | July | |
| Reading Skills. | • Reading Breaking news. | | | |
| | • Find words from reading materials | | July | |
| | * Rhyming words | | August | |
| | * Describing words from text book activities | | September | |
| Writing Skills | * Make word web | | October | |
| | * picture description | | | |
| | * Word chain. | | November | |
| | * Make word web. | | December | |
| | * Story telling. | | January | |
| | * Riddles | | February | |
| | * Conversation | | March | |

OPPO A1Ks

ഗണിതം.

ലക്ഷ്യങ്ങൾ:

1. ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
2. അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
3. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ ലഭിക്കേണ്ട കാര്യം. | കാലം. |
|---|---|---|---|
| സംഖ്യാബോധം | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>* സംഖ്യാകാർഡ് നിർമ്മിക്കൽ | | ജൂൺ |
| ഗണിത കിറ്റ് | * ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയാറാക്കുന്നു. | | ജൂലൈ |
| വലിയ സംഖ്യ | * ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം | | |
| ചെറിയ സംഖ്യ | * വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം. | | ആഗസ്റ്റ് |
| സങ്കലനക്രിയകൾ | • സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ.<br>• രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ<br>* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും | | സെപ്റ്റംബർ. |

| | | | |
|---|---|---|---|
| ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ | • ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയുന്നു<br>• ഒന്നിടവിട്ട സംഖ്യ ഒറ്റ സംഖ്യ ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാകുന്നു | | ഒക്ടോബർ. |
| സംഖ്യാ ഗാനങ്ങൾ. | • സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.<br>• ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരം ആക്കുന്നു. | | നവംബർ |
| വർക്ക്ഷീറ്റ് | സംഖ്യകളെ സുന്ദരിയാക്കൽ വർണ്ണ പ്രവർത്തനങ്ങൾ.<br>My number book തയ്യാറാക്കൽ | | ഡിസംബർ |
| വ്യവകലന പ്രവർത്തനങ്ങൾ. | ആകെ സംഖ്യയും ഒന്നക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ.<br>10-1 = 9 , 10-2 = 8 , 10-3 = 7. | | ജനുവരി |
| ചിഹ്നങ്ങൾ തിരിച്ചറിയൽ | സങ്കലനം, വ്യവകലനം (+, -) എന്നി ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു. | | ഫെബ്രുവരി |
| ഗണിതകിറ്റ്. | • ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ സാധ്യമാക്കൽ | | മാർച്ച് |

# പരിസരപഠനം.

ലക്ഷ്യങ്ങൾ:

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു
- വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- നിറം, രുചി, ആകൃതി, മണം സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.
- പൂക്കളുടെ സാദൃശ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, ആകൃതി, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.
- നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | പ്രതല. |
|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ. | • പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു.<br>• പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ.<br>ആഗസ്റ്റ്. | |
| ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ് കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | • സ്കൂളിൽ പൂന്തോട്ടം നിർമിക്കുന്നു.<br>• പൂന്തോട്ടത്തിൽ നിന്ന് ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു | സെപ്റ്റംബർ. | |

OPPO A15s

| | | | | |
|---|---|---|---|---|
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു. | ഡിസംബർ. | | |
| | ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷണയോഗ്യമായത്? കണ്ടെത്തുന്നു. | ജനുവരി | | |
| | രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | ഫെബ്രുവരി മാർച്ച് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ്: 2

**ആമുഖം**

GLPS നെടുമൺകാവ് ഈസ്റ്റ് സ്കൂളിൽ 2024-25 അധ്യയന വർഷം ആറ് കുട്ടികൾ രണ്ടാംക്ലാസ് A ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ അവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

കുട്ടികൾ ആർജ്ജിക്കുന്ന ശേഷികൾ / വിദ്യാലയത്തിൽ പ്രതിഫലിക്കുന്ന മാറ്റം.

1. ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കാനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
2. രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുതുന്നത് തുടരുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.
3. സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗ്ഗാത്മക

OPPO A15s

രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്കവസരം നൽകും.

4. സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്ത മുറപ്പാക്കുന്നതിന് ക്ലാസ് PTA കൾ ശക്തിപ്പെടുത്തും.
5. സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

## I. മധുരം മലയാളം

ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ പരിപാടിയാണ് മധുരം മലയാളം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം നൽകി സർഗ്ഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ :-

- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. (CPTA, SRG)
- കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു. (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, വായന ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലാക്കുന്നു. പ്രകാശനം നടത്തുന്നു.

ചുമതല:- ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം:- PTA, SSK

## II. സചിത്രപുസ്തകം

2023-24 വർഷത്തിൽ 2-ാം ക്ലാസിലെ എട്ട് യൂണിറ്റുകളും സചിത്ര പാഠപുസ്തകത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്രപാഠ പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ നടപ്പിലാക്കാനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

ലക്ഷ്യങ്ങൾ / പ്രവർത്തനഘട്ടങ്ങൾ :-

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു. (ജൂൺ)
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയ, ഉദ്ഗ്രഥിത സാധ്യത ഉറപ്പുവരുത്തുന്നു.
- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്ര പാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (June രണ്ടാംവാരം)
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാമാസവും)
- രണ്ട്, മൂന്ന് ഘട്ടങ്ങളിൽ work book വിതരണം (ആഗസ്റ്റ് - ഡിസംബർ)
- സചിത്രബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് 2-ാം വാരം)

## III. സംയുക്ത ഡയറി

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ദൈനംദിന

അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്കു കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാകുന്നതിനും കുട്ടിയുടെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിനും സംയുക്ത ഡയറി സഹായകമാകുന്നു

പ്രവർത്തന ഘട്ടങ്ങൾ :-

- ജൂൺ മുതൽ ആരംഭിക്കുന്നു.
- SRG യിൽ മികച്ചവ അവതരിപ്പിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിക്കുന്നു. കൗതുകമുണർത്തുന്ന ഡയറി കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്ന രൂപത്തിലാക്കാം (വ്യക്തിഗതമായി)

ചുമതല :- ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, HM

സാമ്പത്തികം :- SSK.

## IV. റീഡേഴ്സ് തിയറ്റർ

ലഘുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന കുട്ടികൾ

പ്രവർത്തന ഘട്ടങ്ങൾ :-

- പാഠപുസ്തകങ്ങളിലെയും ലഘുബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- റീഡേഴ്സ് തിയറ്റർ SRG യിൽ അവതരിപ്പിക്കൽ (ജൂൺ)
- ക്ലാസ് PTA യിൽ റീഡേഴ്സ് തിയറ്റർ ആശയം പങ്കിടൽ, പിന്തുണ ഉറപ്പുവരുത്തൽ (ജൂൺ മൂന്നാം വാരം)

• ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (ജൂലൈ രണ്ടാംവാരം)

## V. നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസരപഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത്. പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ :-

- പരിസരപഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കാൻ കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.
- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം SRGയിൽ ആസൂത്രണം ചെയ്യുന്നു.
- പ്രകൃതിനടത്തം, ഫീൽഡ്ട്രിപ്പ് എന്നിവ SRGയിൽ ആസൂത്രണം ചെയ്യുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ 2-ാം ആഴ്ചയിൽ ആദ്യ പ്രവർത്തനം)
- കൂട്ടെഴുത്ത്
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം
- പതിപ്പ് തയ്യാറാക്കൽ
- പ്രവർത്തനം, അവലോകനം (ജൂലൈ അവസാനം)
- പതിപ്പു പ്രകാശനം (പ്രവേശനോത്സവത്തിൽ)

## VI. ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠനതന്ത്രമാണ് ക്ലാസ് പത്രം. ക്ലാസിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ് പത്രം.

പ്രവർത്തനഘട്ടങ്ങൾ:-

- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശേഖരിച്ച് തെറ്റില്ലാതെ ഭാഷയിൽ കഴിവു നേടുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.
- ക്ലാസ് പത്രം ലക്ഷ്യങ്ങൾ, പ്രവർത്തന ക്രമങ്ങൾ SRGയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം)
- PTA യിലവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- ക്ലാസ് പത്രം തയ്യാറാക്കൽ (അധ്യാപികയുടെ നേതൃത്വത്തിൽ, ആഗസ്റ്റ് അവസാനം)
- അസംബ്ലിയിൽ വായിച്ചവതരണം.
- രചനോത്സവത്തിൽ അവതരണം (ഡിസംബർ)

ചുമതല:- ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം:- PTA, SSK

## VII. രചനോത്സവം

ലഘു വ്യവഹാര രൂപങ്ങൾ, വിശേഷ പദങ്ങൾ ചേർത്തെഴുതൽ എന്നിവ 2-ാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ

കവിത, ഡയറി, കത്ത്, സംഭാഷണം, വിവരണം എന്നീ വ്യവഹാര രൂപങ്ങളിൽ രചനോത്സവം നടത്തുക.

- അനുഭവം, അവലോകനം - (ജൂൺ മൂന്നാംവാരം)
- പ്രതിമാസ രചനോത്സവം.

ചുമതല :- ക്ലാസ് ടീച്ചർ, PTA

VIII. ഭാഷോത്സവം

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

പ്രവർത്തന ഘട്ടങ്ങൾ :-

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നു.
- സ്വതന്ത്ര രചനയ്ക്ക് സാധ്യത ഉണ്ടാക്കുന്നു.
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.
- ആശയ പൂർണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവം സംഘടിപ്പിക്കുന്നു. (ജനുവരി)

English

| Objectives | Activities | Duration |
| --- | --- | --- |
| * comprehend and enjoy simple stories<br>* Add two or three exchanges to a conversation.<br>* Describe objects people<br>* concept maps on people<br>* Engages in theatre games. | **Bruno the puppy.**<br>* story * song * conversation<br>* thought, description, roleplay<br>* concept, maps drawing vegetables.<br>* Description on vegetables<br>* riddles giving directive to reach places.<br>* reading cards, sequence of the story. | June |
| * comprehend and enjoy simple stories.<br>* follow instruction to make kite using paper and other elements.<br>* frame sentences using simple adjectives.<br>* uses the conjection 'and' in meaningful sentences.<br>* Draw picture of a bird and describe it<br>* events of a stories.<br>* write simple conversation.<br>* write the thoughts of characters | **Flying kites.**<br>* story, song, dialogues and conversation.<br>* Description and make a kite.<br>* Identifying the colours of in rainbow.<br>* Drawing colouring and describing a bird.<br>* writing conversation<br>* participate in theatre games. | July |
| * project work on leaves album. | **The mother tree.**<br>* story * conversation.<br>* song<br>* Description | August. |

# അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ് : 3

## ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ/പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-2026 അധ്യയന വർഷത്തിൽ മൂന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിലെ വൈകാരിക- സാമൂഹിക- വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠനവിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## ലക്ഷ്യങ്ങൾ

- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
- ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ

വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.

- കല-കായിക- പ്രവൃത്തിപരിചയ പഠനാശയങ്ങൾ മറ്റു വിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ നടത്തുക.
- ആത്മവിശ്വാസത്തോടെ പൊതു സദസ്സുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് വർധിപ്പിക്കുക.
- ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷി ഉറപ്പുവരുത്തുക.

---

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ [ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ] വായന പരിപോഷണം | • പ്രീടെസ്റ്റ് നടത്തുന്നു. • അവലോകനം നടത്തൽ • വിവിധനിലവാരക്കാരെ കണ്ടെത്തുന്നു. • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ • വായനമൂല • വീഡിയോ പ്രദർശനം. • വീഡിയോയിൽ കണ്ട കാര്യങ്ങൾ വായിക്കുന്നു. | ജൂൺ | അധ്യാപകർ SMC | SMC |

| | | | | |
|---|---|---|---|---|
| വായനദിനം<br><br>സർഗ്ഗാത്മക രചന പുറം ചുമർ പ്രദർശനം. | • ഓരോന്നിന്റെയും പേരുകൾ പറയുന്നു എഴുതുന്നു.<br>• പദസൂര്യൻ പൂർത്തിയാക്കുന്നു.<br>• പത്രവായന<br>• അമ്മവായന<br>• പുസ്തക ചർച്ച<br>• ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും പുനരവതരണത്തിനുമുള്ള അവസരം<br>• കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുന്നു എഴുതുന്നു.<br>• വാക്യങ്ങൾ നിർമ്മിക്കുന്നു.<br>• കഥ അവതരിപ്പിക്കുന്നു<br>• ചോദ്യങ്ങൾ - ഉത്തരങ്ങൾ കണ്ടെത്തുന്നു.<br>• കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു.<br>• പേരെഴുതുന്നു<br>• വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ.<br>• ചിത്രം നോക്കി പേരെഴുതൽ.<br>• മല, വലിയമല, മരങ്ങളുള്ള വലിയമല ഇതുപോലെയുള്ള മറ്റ് വാക്യങ്ങൾ കണ്ടെത്തൽ, എഴുതൽ. | ജൂലൈ | അധ്യാപകർ<br>SMC | SMC |

| | | | | |
|---|---|---|---|---|
| | • ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• ICT ചിത്രം കാണിക്കുന്ന വാക്യങ്ങൾ എഴുതൽ.<br>• പരിചിതമായ വാക്യങ്ങൾ ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ.<br>• ഉചിതമായ ചിഹ്നങ്ങൾ ചേർക്കാനവസരം നൽകുന്നു<br>• ലളിതമായ വായനാക്കാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കൽ<br>• സ്വയം വായിക്കാനുള്ള അവസരം.<br>• അധ്യാപിക തയാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു.<br>• കഥയിലെ കഥാപാത്രങ്ങൾ പറയിപ്പിക്കുന്നു.<br>• ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.<br>• കഥാചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു.<br>• ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു കഥാപതിപ്പ് തയാറാക്കുന്നു. | ആഗസ്റ്റ്<br>\|<br>സെപ്തംബർ<br>\|<br>ഒക്ടോബർ<br>\|<br>നവംബർ | അധ്യാപകർ<br>SMC | SMC |
| വായനാ പരിപോഷണം. | • പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം. | | | |

| | | | | |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | • വായനക്കളരി<br>• നാട്യവായന, പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം<br>• കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. | ജനുവരി | അധ്യാപകർ<br>SMC<br>SRG<br>വായനശാല | SMC |
| | • പുസ്തക ശേഖരണവും പ്രദർശനവും.<br>• ചിത്രഗ്യാലറി<br>• CPTA നടത്തുന്നു.<br>• വായനയിലും എഴുത്തിലും കുട്ടിയുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. | ഫെബ്രുവരി | അധ്യാപകർ<br>SMC<br>MPTA<br>കുട്ടികൾ | SMC |
| | • മികവുകൾ പരിചയപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു. | മാർച്ച് | അധ്യാപകർ<br>SMC | SMC |

Area - Academic

Sub area - English

Class - III

| Aim | Activity | Duration | Support | Financial Support |
|---|---|---|---|---|
| To speak read and write English with out any mistakes.<br>To check the vocabulary and writing skills of pupils. | • Pre test<br>To develop listening skills and reading skills. | | | |

| | | | | |
|---|---|---|---|---|
| | Listening skills :-<br>• Games, Action songs<br>• Hello English activities<br>• Conversations<br>• Skit stories<br>• Use ITC | June<br>।<br>July | Teachers | SMC |
| | Speaking skills :-<br>• Identify the naming words from the picture.<br>• Identify the action words from the picture.<br>• Make the simple sentences using the word about picture.<br>• Growing sentences picture reading, self introductions. | | | |
| Develop the creative speaking and writing | Reading skills :-<br>• Books reading<br>• Find words<br>• Collect and read past tense<br>• Rhyming words<br>• TB activities | August<br>।<br>September | Teachers | SMC |
| | Writing skills :-<br>• Make word web<br>• Picture description<br>• word chain | | | |

| | | | | |
|---|---|---|---|---|
| | • make words and sentences.<br>• Make riddles, conversations.<br>• Add more lines. | | | |
| To express thoughts feelings etc.. | Reading skills :-<br>• Library book reading<br>• Conversations, skit, stories<br>• Use I.C.T<br>• Read notice<br>• Develop story<br>Writing skills :-<br>• Description<br>• Thoughts | October<br>\|<br>November | Teachers | SMC |
| Develop the creative speaking and writing | Reading skills :-<br>• Library books reading<br>• Conversations, skit, stories use ICT<br>• Develop story<br>• Reads diary<br>Writing skills :-<br>• Diary<br>• Announcement | December<br>\|<br>January | Teachers | SMC |
| To improve the presentation power | Reading skills :-<br>Library books reading | | | |

| | | | | |
|---|---|---|---|---|
| | • Conversation, skit, stories<br>• Develop story<br>Writing skills :-<br>• Dairy<br>• Descriptions<br>• Thoughts<br>• Exibition | February / March | Teachers | SMC |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | • ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും<br>ഒറിഗാമി, ടാൻഗ്രാം രൂപങ്ങൾ നിർമിക്കാൻ പ്രോത്സാഹിപ്പിക്കൽ | ജൂൺ | അധ്യാപകർ<br>SRG<br>SMC/PTA | SRG |
| മുഴുവൻ കുട്ടികൾക്കും ഒന്നുമുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷി | • ഗണിതവിജയം കളികൾ<br>• രണ്ടക്കസംഖ്യകൾ എഴുതിയ നമ്പർ കുട്ടികൾക്ക് നൽകൽ<br>• കിട്ടിയ സംഖ്യ വായിക്കൽ മറ്റുള്ളവർ സംഖ്യ എഴുതൽ | ജൂലൈ | SRG<br>അധ്യാപകർ | SMC |

| | | | | |
|---|---|---|---|---|
| | തുടർന്ന് വരുന്ന പത്ത് സംഖ്യകൾ എഴുതുവാൻ അവസരം നൽകൽ.<br>• ആരോഹണ അവരോഹണ ക്രമത്തിൽ പറയുന്നു എഴുതുന്നു.<br>• ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു. അതിനടുത്തുള്ള സംഖ്യകൾ എഴുതുന്നു. ഇവയെ കളിനോട്ട് ഉപയോഗിച്ച് ഒന്നുകൾ പത്തുകൾ നൂറുകൾ എന്നിങ്ങനെ ക്രമീകരിക്കുന്നു.<br>• ഓരോ കളിക്കും ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>ഗ്രൂപ്പിൽ [illegible] എഴുതിയ സംഖ്യകളെ വ്യത്യസ്തരീതിയിൽ മാറ്റി എഴുതുന്നു.<br>• സംഖ്യകളെ ആരോഹണത്തിൽ ക്രമീകരിക്കുന്നു.<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കുന്നു.<br>• 100 വീതം കൂട്ടി 1000 പറയിപ്പിക്കുന്നു. | ആഗസ്റ്റ് | അധ്യാപകർ<br>SMC | SMC |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക<br><br>സങ്കലന - വ്യവകലനം | • വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകർ<br>കുട്ടികൾ | |

| | | | | |
|---|---|---|---|---|
| ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • മനഃക്കണക്കുകൾ<br>• മഞ്ചാടിക്കളി<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ - നവംബർ | അധ്യാപകർ കുട്ടികൾ | |
| ഗുണന വസ്തുതകൾ നേടൽ | • മനഃക്കണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ - ജനുവരി | അധ്യാപകർ കുട്ടികൾ CPTA | |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ICT വിഭവങ്ങൾ ഉപയോഗിക്കൽ | ഫെബ്രുവരി | അധ്യാപകർ കുട്ടികൾ CPTA | |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | • മെട്രിക് മേള<br>• ഗണിതോത്സവം | മാർച്ച് | അധ്യാപകർ SRG SMC | SRG |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | • പ്രീടെസ്റ്റ്<br>• അവലോകനം<br>• പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷണം. പ്രത്യേകതകൾ മനസ്സിലാക്കൽ. | ജൂൺ - ജൂലൈ | അധ്യാപകർ SMC | SMC |

| | | | | |
|---|---|---|---|---|
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക. | • വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണം പരിപാലനം<br>• വൃക്ഷത്തൈ നടൽ<br>• നട്ടവൃക്ഷത്തൈ പരിപാലനം.<br>• ഹരിതകാർഡ് നിർമ്മാണം.<br>• പരിസരമലിനീകരണം ചർച്ച<br>• ജലമലിനീകരണം<br>• പരിസ്ഥിതി സംരക്ഷണം പ്രതിജ്ഞ<br>• ദിനകൃത്യങ്ങൾ<br>ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസിൽ ചർച്ചകളിലൂടെ ഉറപ്പിക്കുന്നു. ദിവസ പരിശോധന ചുമതലക്ക് ഗ്രൂപ്പുകളാക്കുന്നു. ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>• വ്യക്തി ശുചിത്വം<br>• ക്ലാസ്റൂം ശുചിത്വം<br>• പരിസര ശുചിത്വം എന്നിവ | ഓഗസ്റ്റ്<br>\|<br>സെപ്റ്റം-ബർ | അധ്യാപകർ<br>SRG<br>SMC | SMC |

| | | | | |
|---|---|---|---|---|
| | അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു.<br>• നല്ലശീലം - പോസ്റ്ററുകൾ | | | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | • ഫീൽഡ് ട്രിപ്പ്<br>• നമ്മുടെ നാടിനെ / പരിസ്ഥിതിയെ അടുത്തറിയുന്നതിനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (കുളം, വയൽ, പുഴ)<br>• പ്രകൃതി സംരക്ഷണ പോസ്റ്ററുകൾ തയാറാക്കുന്നു. പരിസരങ്ങളിൽ പതിപ്പിക്കുന്നു. ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br>• മഴക്കുഴി നിർമ്മാണം | നവംബർ / ഡിസംബർ | അധ്യാപകർ SMC | SMC |
| പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക. | • ശാസ്ത്ര കൗതുകം വളർത്തുക പരീക്ഷണങ്ങളിൽ ഏർപ്പെടുക.<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു<br>• പക്ഷി നിരീക്ഷണത്തിന് അവസരം<br>• പച്ചക്കറി തോട്ടത്തിൽ കിളികൾക്ക് ദാഹജലം സജ്ജീകരണം.<br>• ശാസ്ത്രമാസികകൾ ഉപയോഗം. | ജനുവരി / ഫെബ്രുവരി / മാർച്ച് | അധ്യാപകർ SMC SRG | SMC |
| | | | | |

മലയാളം

STD : IV

| ലക്ഷ്യം. | പ്രവർത്തനം | കാലം. |
|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ. |
| വായനാശേഷി വളർത്തൽ. | ക്ലാസ് വായനാ കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാ കുറിപ്പ് പുസ്തക സംവാദം ആനുകാലിക വായന. | വർഷം മുഴുവൻ |
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. | പ്രതിവാര |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻ മാരെ പരിചയപ്പെടുത്തൽ | സാഹിത്യകാരന്മാരുമായി എഴുത്തുകൂട്ട സംവാദം. | ആവശ്യാനുസരണം. |
| അറിവ് ശേഖരിച്ച് എൻട്രികളിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വിവരങ്ങൾ ശേഖരിക്കാൻ പ്രേരിപ്പിക്കൽ. | ആവശ്യാനുസരണം. |

| | | |
|---|---|---|
| നാട്ടിലെ പ്രാചീന ക്ഷേത്രങ്ങൾ പരിചയപ്പെടൽ | ക്ഷേത്രമെ - പ്രാചകത്തിലെ ക്ഷേത്ര പണിത് നിർമ്മാണം ചിത്രിലൊരു സദ്യ. | വർത്തിക്കൽ |
| സാഹിത്യകാരന്മാരുടെ - ചരിത്രസ്ഥാപനങ്ങൾ സന്ദർശിക്കൽ ഫോട്ടോകൾ. | ഓർമ്മദിനങ്ങൾ ആചരിക്കൽ ദേശാഭിമാനി പ്രദർശനം പുസ്തക പരിചയം ക്വിസ് ചിത്ര പ്രദർശനം ദിനാചരണങ്ങൾ ആചരിക്കൽ പണിത് നിർമ്മാണം. പ്രദർശനം. | ആവശ്യാനുസരണം. |
| പാരമ്പര്യവുമായി ബന്ധപ്പെട്ട കലകൾ തിരിച്ചറിയൽ. | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാ വരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശനം. | വർത്തിക്കൽ |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർത്തിക്കൽ. |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| ഗണിത പഠനം രസകരമാക്കാൻ | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ ഉദ്ദേശിക്കുന്നു | വർഷം മുഴുവൻ. |
| ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ. കരചലന ശേഷി വികാസം. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിലൊരിക്കൽ |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ. | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ. |
| ഗണിതരൂപങ്ങളുടെ പ്രായോഗികവശം തിരിച്ചറിയൽ. | ഗണിതരൂപങ്ങൾ ഒരുക്കൽ ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ. |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം. |
| ഗണിതമാസികയുടെ പ്രകാശനം. | പ്രശ്നോത്തരി പസിൽ പാട്ടുകൾ പഠനക്കുറിപ്പ് അടങ്ങിയ പ്രദർശനം. | വർഷത്തിലൊന്ന്. |

## പരിസരപഠനം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| നിരീക്ഷണ ശീലം നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം . |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ . | വർഷം മുഴുവൻ. |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ . | വാന നിരീക്ഷണകേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര വേദിക്ക് പ്രവർത്തനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ . | ആവശ്യാനുസരണം . |
| കേരളം - ഇന്ത്യ ഭൂപടവായന- ശേഷി- പരിപോഷണം. | ഭൂപട വായന ഭൂപടരചന ശേഷികൾ നിർമ്മാണം ഉപയോഗിക്കൽ. | വർഷത്തിലൊന്ന്. |
| ശാസ്ത്ര പഠനം രസകരമാക്കൽ. | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം. |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം പരീക്ഷണ ഇവയുടെ പ്രദർശനം . | വർഷത്തിലൊരിക്കൽ . |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന്. |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി നേടിയെടുക്കൽ. | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി മുതൽ അസംബ്ലി വരെ മുഴുവൻ നിർബന്ധമായും കുട്ടികൾക്ക്. | വർഷം മുഴുവൻ |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക. | ആഴ്ചയിൽ ഒരു ദിവസം. |
| സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, conversation, story Telling). | മാസത്തിലൊന്ന്. |
| സർഗാത്മകതാ രചനാശേഷി വികസനം. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | മൂന്ന് മാസത്തിലൊരിക്കൽ. |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ന്യൂസ് ലെറ്റർ തയ്യാറാക്കൽ. | മാസത്തിലൊന്ന്. |

| | | |
|---|---|---|
| വായനാ പരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനു സരിച്ച പുസ്തകങ്ങൾ ലഭ്യമാക്കിയ് വായനാ കുറിപ്പ് തയ്യാറാക്കൽ വായനാമത്സര [illegible] വായനാകുറിപ്പ് പുസ്തക പരിചയം. | മെച്ചപ്പെട്ടിട്ടുണ്ട്. |
| ഇംഗ്ലീഷ് ഭാഷയിൽ പറയുവാനും എഴുതുവാനും കുട്ടികളെ നിലവാരത്തിലെത്തിക്കൽ. | വായനാ മത്സരം, പ്രസംഗ മത്സരം മറ്റു ഭാഷാ പ്രവർത്തനങ്ങളിലൂടെ [illegible]. | [illegible] |

STD V

# മേഖല : യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷി-വികസനം | എന്റെ അവധിക്കാലം : പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | ഭാഷാകേളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | വാക്കിൽ നിന്ന് വാക്യത്തിലേക്ക് : അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ | മലയാളം അധ്യാപകർ | |
| ദിനാചരണങ്ങൾ സംഘടിപ്പിക്കൽ. | ദിനാചരണങ്ങൾ സംഘടിപ്പിച്ചുകൊണ്ട് സർഗാത്മക രചനകൾക്ക് അവസരമൊരുക്കുന്നു. | അക്കാദമിക വർഷം | PTA, മാനേജ്മെന്റ് വിദ്യാരംഗം | 5000/- |

| | | | | |
|---|---|---|---|---|
| വായനാപരിപോഷണ പരിപാടികൾ. | വാർത്തകൾ അറിയാം:- പത്രങ്ങൾ ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുക | പ്രതിദിനം | മലയാളം അധ്യാപകർ. | PTA (300/- |
| സാഹിത്യകൃതികളോടും സാഹിത്യകാരോടും അഭിരുചി വളർത്തുന്നതുവഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | മുഖാമുഖം: സാഹിത്യകാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖങ്ങൾ/സംഭാഷണങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽ 3 തവണ | മലയാളം ക്ലബ്ബ് PTA /SMC | 1000/- |
| | മാസത്തെ പ്രധാന സംഭവങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | " | ക്ലാസ് ടീച്ചർ. | |
| പഠിതാക്കളുടെ വാസന പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ [illegible] | അക്കാദമിക വർഷം | പിടിഎ | 300/- |

## മേഖല : യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷാശേഷി വികസനം | Lend your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | English Teacher | English club. |
| | Follow me if you can : ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള അവസരമൊരുക്കുന്നു. | ജൂൺ-ജൂലൈ | English Teacher | |
| | Breaking News : ഇംഗ്ലീഷ് വാർത്തകൾ കേൾക്കാനവസരം ഒരുക്കുന്നു. | നവംബർ-ജനുവരി | English Teacher | |
| | Treasure Hunt : പല തരം വസ്തുക്കളെ കുറിച്ച് വർണിക്കാനവസരം നൽകുന്നു. | ആഗസ്റ്റ് | English Teacher | |
| | One man Show : ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ഡിസംബർ | English Teacher | |

| | | | | |
|---|---|---|---|---|
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Too Can : വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ നൽകി വായനയ്ക്ക് അവസരമൊരുക്കുന്നു. | ജൂലൈ | English Teacher | PTA SRG English club. |
| | Reader's Theatre : class library, Reader of the month | മാസംതോറും | English Teacher. | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ ശേഷിനേടുന്നു | സർഗാത്മക രചനകൾ പരിപോഷിപ്പിക്കുന്നു, class magazine തയാറാക്കുന്നു ദിവസവും പുതിയ അഞ്ച് വാക്കുകൾ ഡിക്ഷണറി നോക്കി പഠിക്കുന്നു. | വർഷത്തിൽ ഒരു ദിവസം<br>ആഴ്ചയിൽ 4 ദിവസം | English Teacher | |
| | Alert Zone : സൂചനബോർഡുകൾ, പോസ്റ്ററുകൾ-നോട്ടീസുകൾ എന്നിവ തയാറാക്കി സ്കൂൾ പരിസരത്ത് പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | English Teacher. | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | കഥ പറയൽ, Roleplay, ദൃശ്യാവിഷ്കാരങ്ങൾ തുടങ്ങിയവയ്ക്ക് അവസരം. | വർഷത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | PTA. |

## മേഖല : യു.പി അടിസ്ഥാന ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവ വൈവിധ്യ പാർക്ക് : ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവ വേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | അധ്യാപകർ<br>സയൻസ് ക്ലബ്ബ് | പിടിഎ |
| | ജൈവ വൈവിധ്യ രജിസ്റ്റർ വിപുലീകരിക്കൽ പ്രകൃതി നടത്തം. | ജൂൺ-ഡിസംബർ | ഇക്കോ ക്ലബ്ബ് | |
| | പരീക്ഷണ മൂലകൾ ഒരുക്കലും ലഘു പരീക്ഷണങ്ങൾ ചെയ്യലും പരീക്ഷണക്കുറിപ്പ് തയാറാക്കൽ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| പ്രക്രിയാശേഷി വികസനം. | വിവിധ ശാസ്ത്രാശയങ്ങളുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ തയാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുന്നു. | | | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക | ശാസ്ത്ര ഉപകരണങ്ങൾ ക്ലാസ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക | അക്കാദമിക വർഷം | സയൻസ് ടീച്ചർ | PTA |
| | ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കുക ശാസ്ത്രോത്സവങ്ങൾ സംഘടിപ്പിക്കൽ | | Science club<br>Energy club | |
| | ശാസ്ത്ര വിസ്മയ ചുവർ : ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയചുവർ ഓരോ ക്ലാസിലും നിർമിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | അഭിമുഖം : ശാസ്ത്ര പ്രതിഭകളുമായി അഭിമുഖം, ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കൽ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | PTA<br>Science Club |
| | ശാസ്ത്ര ലൈബ്രറി നിർമിക്കൽ പുസ്തകങ്ങൾ പ്രയോജനപ്പെടുത്തൽ. | ജൂൺ-ഡിസംബർ | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രലോകത്തെ വിവരങ്ങൾ കൂടുതലറിയുക | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക | എല്ലാമാസവും | | |

| | | | | |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കൾക്കൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം ആരംഭം | സാമൂഹ്യശാസ്ത്രാധ്യാപകർ | PTA |
| സഹജീവികളോട് സമഭാവന വളർത്താൻ സഹായിക്കുന്നു. | ചുറ്റുപാടുമുള്ള സഹായമാവശ്യമുള്ള മനുഷ്യരെ തങ്ങളാലാവും വിധം സഹായിക്കാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുന്നു. | അക്കാദമിക വർഷം | അധ്യാപകർ | PTA SMC. |
| വിവരസാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സ്കൂൾ തലത്തിൽ സൈബർ സുരക്ഷ, ട്രാഫിക് സുരക്ഷ തുടങ്ങിയവയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങളിൽ അവബോധം സൃഷ്ടിക്കുന്നു. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. [illegible] | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്രാധ്യാപകർ അധ്യാപകർ | PTA SMC. |

## മേഖല : യു.പി ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | കിളിക്കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിതാധ്യാപകൻ | |
| രസകരമായ ഗണിതപഠനവും കരചലനശേഷികളുടെ വികാസവും. | ഒറിഗാമി പരിശീലനം<br>വിവിധ രൂപങ്ങൾ നിർമിക്കൽ<br>രൂപങ്ങൾ വരയ്ക്കൽ. | വർഷത്തിലൊരു തവണ | ഗണിതാധ്യാപകർ<br>ഗണിത ക്ലബ്ബ് | PTA. |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജീകരിക്കൽ<br>ഗണിതപഠനത്തിൽ ഗണിതലാബ് പരമാവധി പ്രയോജനപ്പെടുത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | |

OPPO A15

| | | | | |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ. | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | വർഷത്തിൽ ഒരിക്കൽ | ഗണിത ക്ലബ്ബ്. | PTA. |
| ഗണിതത്തോട് താല്പര്യം വളർത്തൽ. | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ഉൾപ്പെടുത്തി കുട്ടികൾക്ക് ക്ലാസുകൾ നൽകൽ | 6,7 തവണ. | ഗണിത ക്ലബ്ബ് | PTA. |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോണികൾ, ടാൻഗ്രാം ഇതുപോലെയുള്ള പ്രവർത്തനങ്ങൾ, IT സാധ്യതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കുന്നു. | ആവശ്യാനുസരണം | ഗണിതാധ്യാപകർ | |
| ഗണിതശേഷി വികാസം. | ഗണിതശേഷി വികാസത്തിനായി ഓരോ കുട്ടിക്കും അവസരമൊരുക്കുന്നു. പ്രത്യേക പരിഹാരബോധന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ആഴ്ച തോറും. | ഗണിതാധ്യാപകർ | |

# പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം - 1
എന്റെ മലയാളം
വിഷയം : മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്<br>അക്ഷരം, ചിഹ്നം, അക്ഷര പദക്കാർഡുകൾ നൽകൽ<br>പദ നിർമാണം<br>പഠന വിടവുകൾ പരിഹരിക്കൽ<br>വായന, ലേഖന പ്രവർത്തനങ്ങൾ<br>മലയാളത്തിളക്കം | ജൂൺ-ജനുവരി | ക്ലാസ് ടീച്ചർ<br>മലയാള അധ്യാപകർ. | |

പ്രവർത്തനം - 2
വായനക്കൂട്ടം
വിഷയം : മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം. |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ്തല വായനക്കൂട്ടം രൂപീകരിക്കൽ<br>വായനമൂല സജ്ജീകരണം<br>ക്ലാസ് ലൈബ്രറി വിപുലീകരണം<br>പത്രവായന<br>വായനക്കുറിപ്പുകൾ<br>പതിപ്പുകൾ നിർമാണം. | ജൂൺ-ജനുവരി | ക്ലാസ് ടീച്ചർ<br>ഭാഷാധ്യാപിക | 100/- |

പ്രവർത്തനം 3
എഴുത്തുകൂട്ടം
വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ലേഖനത്തിനുള്ള കഴിവ് വളർത്തുക. | സാഹിത്യാസ്വാദന ക്ലാസ്, ആസ്വാദനക്കുറിപ്പ് തയാറാക്കൽ, അനുഭവക്കുറിപ്പ്, ചുവർപത്രിക, തനതു-സൃഷ്ടികൾ ശേഖരിച്ച് പ്രസിദ്ധീകരിക്കൽ. | 6 മാസം | ക്ലാസ് ടീച്ചർ | 500/- |

പ്രവർത്തനം 4
ഇംഗ്ലീഷ് അസംബ്ലി
വിഷയം : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനും അവസരമൊരുക്കുന്നു. | | | | |

പ്രവർത്തനം 5
ഇംഗ്ലീഷ് ഡയറി
വിഷയം : ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് സ്വന്തമായി എഴുതുന്നു | ദിവസവും ഇംഗ്ലീഷ് ഡയറി എഴുതുന്നു. | | SRG SMC ഗണിത ക്ലബ് | ₹500/- |

പ്രവർത്തനം 6
ഗണിതലാബ്
വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠനാനുഭവങ്ങൾ സൃഷ്ടിക്കൽ | ഗണിതലാബ് സജ്ജീകരിക്കൽ<br>ഉല്ലാസഗണിതം<br>ഗണിതവിജയം പ്രവർത്തനങ്ങൾ | ആവശ്യാനുസരണം | SRG<br>SMC<br>ഗണിത ക്ലബ്ബ് | 2500/-<br>SMC |

പ്രവർത്തനം 7
ഗണിതം മധുരം
വിഷയം : ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാവബോധം വളർത്തൽ | ആഴ്ചയിൽ രണ്ട് ദിവസം പ്രത്യേകസമയങ്ങളിൽ ഗണിതാവബോധ ക്ലാസ്<br>സംഖ്യാബോധം,<br>ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ | ആഴ്ചയിൽ 2 ദിവസം | Class Tr. | |

പ്രവർത്തനം 8
ശാസ്ത്രം, പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | സ്കൂൾ തല ശാസ്ത്രമേള, ശാസ്ത്രസംബന്ധികളായ പ്രദർശനസ്ഥലങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കുക. | ഒരാഴ്ച ജനുവരി | SRG<br>SMC | 200/- |

പ്രവർത്തനം 10
വിഷയം : സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം. | ചുമതല/സാമ്പത്തികം |
|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലൊരു സാമൂഹ്യശാസ്ത്രലാബ് സജ്ജീകരിക്കൽ | 6 മാസം | Class Tr 500/- |
| വാതിൽപ്പുറ പഠനത്തിന് അവസരമൊരുക്കുക. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, പുരാവസ്തു മ്യൂസിയങ്ങൾ തുടങ്ങിയവ സന്ദർശിക്കൽ | Social Science Teacher | 2000/- |

പ്രവർത്തനം 11
വിഷയം : ഹിന്ദി
രാഷ്ട്രഭാഷ ശ്രേഷ്ഠഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/സാമ്പത്തിക വിശകലനം. |
|---|---|---|---|
| ഹിന്ദിഭാഷാ പഠനം കാര്യക്ഷമമാക്കൽ. | ഹിന്ദി പതിപ്പുകൾ നാടകീകരണം, Skit, കവിത, സംഭാഷണം കുറിപ്പുകൾ, വായനക്കുറിപ്പുകൾ, ഹിന്ദിഡയറി, ഹിന്ദി അസംബ്ലി | മാസത്തിൽ [illegible] | 500/- SMC. |

പ്രവർത്തനം.
ഭൗതികാന്തരീക്ഷം ഒരുക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| സുരക്ഷിതമായ സ്കൂൾ കാമ്പസ്. | ചുറ്റുമതിൽ നിർമ്മാണം<br>പെയിന്റിംഗ്<br>ചിത്രീകരണം<br>ആകർഷകമാക്കൽ | ഒരു വർഷത്തിൽ | LSGD<br>PTA<br>SMC | |
| | ഗേറ്റ് സ്ഥാപിക്കൽ<br>കവാടം ആകർഷകമാക്കൽ. | 6 മാസം | LSGD<br>PTA<br>SMC | 2 ലക്ഷം. |
| | കളിസ്ഥലം ഒരുക്കൽ<br>മുറ്റം തറയോട് പാകൽ. | " | LSGD<br>PTA<br>SMC | |
| | സ്കൂളിന് പിൻവശം സംരക്ഷണ ഭിത്തി നിർമ്മാണം. | " | LSGD<br>PTA<br>SMC. | |
| | അടുക്കള പുനർനിർമ്മിക്കൽ. | | | |

സാമൂഹികം - പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ. | പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ സംഘടിപ്പിക്കൽ<br>സ്കൂളിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ.<br>ഫണ്ട് സമാഹരണം. | വർഷാന്ത്യത്തിൽ | SSG<br>PTA<br>SMC | 500/- |

# ഉപസംഹാരം

അക്കാദമിക നിലവാരം ഉയർത്തി വിദ്യാലയ മികവ് ലക്ഷ്യമിട്ട് പ്രവർത്തിക്കാൻ എല്ലാവർക്കും കഴിയണം. പഠന വിടവുകൾ നികത്തി പഠനം രസകരവും താല്പര്യമുണർത്തുന്നതുമാവണം. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് എല്ലാവരും കൂട്ടായി പ്രവർത്തിക്കുമ്പോഴേ ഈ വികസന രേഖയിലെ ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കാനാകൂ. എല്ലാ കുട്ടികളുടെയും സമഗ്രവികസനം സാധ്യമാകൂ. അതിനുള്ള ചവിട്ടുപടിയാകട്ടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ എന്നു പ്രത്യാശിക്കുന്നു.

# അനുബന്ധം

കുട്ടികളുടെ എണ്ണം.

| Year | Pre-Primary | I | II | III | IV | V | Total |
|---|---|---|---|---|---|---|---|
| 2025-2026 | 6+5 | 2+6 | 1+4 | 4+2 | 1+4 | 3+2 | 40 |
| Grand Total | 11 | 8 | 5 | 6 | 5 | 5 | 40 |

അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണം.

| HM | | LPST | | PTCM | | Pre-Primary | | Cook | |
|---|---|---|---|---|---|---|---|---|---|
| M | F | M | F | M | F | Teacher | Helper | M | F |
| - | 1 | - | 4 | - | 1 | 1 | 1 | - | 1 |

OPPO A15s